(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേരളത്തിലെ കേന്ദ്ര പൊതുമേഖലാ നിക്ഷേപം

1 (155) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കേന്ദ്ര പൊതുമേഖലാ നിക്ഷേപം സ്ഥിരമായി കുറഞ്ഞു കൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന സാമ്പത്തിക വർഷം കേരളത്തിലെ പൊതുമേഖലാ നിക്ഷേപം എത്ര കോടിയായിരുന്നു; ആ വർഷം കേന്ദ്ര പൊതുമേഖലയിൽ തൊഴിൽ ചെയ്യുന്നവർ എത്രയായിരുന്നു :

(സി) 2001-നുശേഷം ഓരോ വർഷവും സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലയിലെ നിക്ഷേപം വർദ്ധിക്കുകയുണ്ടായോ; യഥാർത്ഥത്തിൽ ഓരോ വർഷവും കേന്ദ്ര നിക്ഷേപം എത്ര കോടി വീതമായിരുന്നു; ഇപ്പോൾ കേന്ദ്ര പൊതുമേഖലയിൽ തൊഴിൽ ചെയ്തുവരുന്നവരെത്ര ?

ഉത്തരം

(എ) കേന്ദ്ര പൊതുമേഖലാ നിക്ഷേപം കൂടുന്നതായിട്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരണമായ എക്കണോമിക് റിവ്യൂയിലെ കണക്കുകൾ സൂചിപ്പിക്കുന്നത്.

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന 2001-02 സാമ്പത്തിക വർഷം കേരളത്തിലെ പൊതുമേഖലാ നിക്ഷേപം 13504 കോടി രൂപയായിരുന്നു. കേന്ദ്ര പൊതുമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം 40,000 ആയിരുന്നു.

(സി) ഉണ്ട്. 2001-02-ൽ 13504 കോടി രൂപയായും 2002-03-ൽ 14550 കോടി രൂപയായും 2003-04-ൽ 15301 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്. കേരളത്തിലെ പൊതുമേഖലയിൽ ഇപ്പോൾ 45000 പേർ തൊഴിൽ ചെയ്തുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭവും നഷ്ടവും

2 (156) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഓരോന്നിന്റെയും ലാഭം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഓരോന്നിന്റെയും നഷ്ടം എത്രയാണെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

3 (157) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്ര; നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്ര;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ ആകെ നഷ്ടം എത്ര കോടി രൂപയാണ്; ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെ ആകെ ലാഭം എത്ര കോടിയാണ്;

(സി) നഷ്ടത്തിലായിട്ടുള്ളതും ഉല്പാദനം നിലച്ചതുമായ സ്ഥാപനങ്ങൾ ഏവ; അവയുടെ ഓരോന്നിന്റെയും ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ പേരു വിവരം വിശദമാക്കാമോ;

(ഡി) ഉല്പാദനം നിലച്ച ഈ കമ്പനികൾക്ക് അതിനുശേഷവും ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ യാത്രാപ്പടി, ഡി.എ., അലവൻസ് തുടങ്ങിയ ഇനത്തിൽ ചെലവുകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഓരോ കമ്പനികളുടെയും വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കേരള സോപ്പ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കേരള സെറാമിക്സിന്റെ പോഴ്സലൈൻ ഡിവിഷൻ, കേരള കൺസ്ട്രക്ഷൻ കംപോണന്റ്സ് ലിമിറ്റഡ്, മെട്രോപൊളിറ്റൻ എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കെൽട്രോൺ റെക്ടിഫയേഴ്സ് കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, കേരള സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly